## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

സ്നേഹമുള്ളിടത്ത് ഭയമില്ല, ശക്തിയുള്ളിടത്തു ഭയമില്ല. ആത്മീയ സുബോധം അഥവാ സമനില ഉള്ളിടത്ത് ഭയമില്ല. പാപമുള്ളിടത്ത് ഭയം, യേശു ഉള്ളിടത്ത് വിശ്വാസം. ലംഘനം ഉള്ളിടത്ത് ഭയം, അത് ഏററു പറഞ്ഞ് അപേക്ഷിക്കുന്നിടത്ത് ക്ഷമയും കരുണയും. യേശുവിന്റെ ആടുകളുടെ അനുഭവം ഇതാണ്. പച്ചപുൽപ്പുറത്തു കിടക്കുന്ന ആടിനെ ശ്രദ്ധിച്ചാൽ, അവ അവിടെ കിടക്കുകയാണ്, വിശ്രമിക്കുകയാണ്. യാതൊരു ഭയവും അവയെ അലട്ടുന്നില്ല. ദുഷ്ടമൃഗങ്ങൾ അവയെ ആക്രമിക്കുമെന്ന ഭയം അവയ്ക്കില്ല. കള്ളന്മാർ വന്നു മോഷ്ടിക്കുമെന്ന ആശങ്ക അവയ്ക്കില്ല. നാളത്തെ ആഹാരത്തെപ്പററിയുള്ള ആകുലചിന്ത അവയ്ക്കില്ല. ശത്രുക്കൾ ഒളിച്ചിരിപ്പു ണ്ടായിരിക്കും. ദുഷ്ടമൃഗങ്ങൾ തക്കം പാർത്തിരിക്കുന്നുായിരിക്കും. പക്ഷേ, അവയൊന്നും ഇവയെ അലട്ടുന്നില്ല. കാരണം തങ്ങളുടെ ഇടയനിൽ അവയ്ക്കു പൂർണ്ണമായ വിശ്വാസമുണ്ട്.

ഭയത്തിൽ നിന്നും സ്വതന്ത്ര്യരായിരിക്കുന്നതിന്റെ മറെറാരു രഹസ്യത്തിലേക്കാണ് ഈ ചിന്ത നമ്മെ നയിക്കുന്നത്. യേശുവിന്റെ അടുക്കൽ വന്ന് പാപത്തിൽ നിന്നും ലംഘനങ്ങളിൽ നിന്നും വിടുതൽ പ്രാപിക്കുകയും ക്രിസ്തുവിനെ ഉള്ളിൽ കൈക്കൊള്ളുകയും ചെയ്യുന്നതോടുകൂടെ ഭയം മാറുന്നു. ശക്തിയും സ്നേഹവും ഉടലെടുക്കുന്നു. എന്നാൽ അത് നിലനിൽക്കുന്നതിന്റെ അടിസ്ഥാന കാരണം ഇടയനിലുള്ള വിശ്വാസമാണ്. രക്ഷിക്കപ്പെട്ടു എന്നു അഭിമാനിക്കുന്ന പലർക്കും യേശുവിൽ പൂർണ്ണവിശ്വാസമില്ല. അതു നിമിത്തമാണ്, ചെറിയ കാര്യത്തിന്റെ മുൻപിൽ പതറുകയും പരിഭ്രമിക്കുകയും നിലവിളിക്കുകയും ചെയ്യുന്നത്. എന്നാൽ വചനം പറയുന്നത്, യഹോവയിൽ ആശ്രയം വയ്ക്കുകയും, മാത്രമല്ല യഹോവ തന്നെ ആശ്രയമായിരിക്കുകയും ചെയ്യുന്ന ജനം ഭാഗ്യമുള്ളത്. നാം ഒരിക്കൽ കർത്താവിൽ ആശ്രയിച്ചു എന്നത് ശരിയാണ്. എന്നാൽ അവൻ തന്നെ ഇപ്പോഴും നമ്മുടെ ആശ്രയമായിരിക്കുന്നുവെങ്കിൽ നാം ഭാഗ്യമുള്ളവരാണ്. എല്ലാ വിധ കാററുകളുടെയും കോളുകളുടെയും മദ്ധ്യത്തിലും ദൈവമക്കൾ നിശ്ചലമായിരിക്കുന്നു. എല്ലാം തങ്ങൾക്കെതിരായി നീങ്ങുമ്പോഴും അവർ സന്തോഷവും ആശ്വാസവുമുള്ളവരായിക്കുന്നു. അവർ കർത്താവിൽ ആശ്രയം വച്ചിരിക്കുന്നതു എന്നതു തന്നെ.

തുടരും....